**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1591 16/03/2015-ൽ മറുപടിയ്ക്ക്

## ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട മൂക്കന്നൂർ പഞ്ചായത്തിൽ നിന്നുള്ള അപേക്ഷകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ നിന്നുള്ള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്നു; | എ) | സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിൽ നിന്നുള്ള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും സമർപ്പിക്കപ്പെട്ട അപേക്ഷകൾ ഇപ്രകാരമാണ്.<br>1. മേൽക്കൂരയിലെ സോളാർ പാനൽ നിർമ്മാണം - 136<br>2. മേൽക്കൂരയിൽ മഴവെള്ള സംഭരണി നിർമ്മാണം - 137<br>3. മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം - 275<br>4. റിംഗ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം - 881<br>5. പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റ് സ്ഥാപിക്കൽ - 807<br>6. വാഴകൃഷി - 498<br>7. പച്ചക്കറി കൃഷി - 236 |
| ബി) ഇതിൽ ഏതിനെല്ലാമാണ് തുക അനുവദിച്ചിട്ടുള്ളത്; | ബി) & സി) | തുക ഇതിൽ ഒന്നിനും അനുവദിച്ചിട്ടില്ല. |
| സി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | മറ്റ് പദ്ധതികൾക്കായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | ഡി) | കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ